# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ഫെബ്രുവരി 7, വെള്ളി
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

| മറുപടി നൽകുന്ന മന്ത്രിമാർ |
|---|
| ഊർജ്ജ വകുപ്പുമന്ത്രി |
| സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി |
| വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി |
| പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി |

<u>സൗജന്യ വൈദ്യുതി കണക്ഷൻ</u>

*481 ശ്രീ. പി. ശ്രീരാമകൃഷ്ണൻ
,, കെ. കെ. ജയചന്ദ്രൻ
,, എസ്. ശർമ്മ
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്കും വികലാംഗർക്കും ലഭ്യമായിരുന്ന സൗജന്യ വൈദ്യുതി കണക്ഷൻ പദ്ധതി നിലവിലുണ്ടോ ;

(ബി) സാധാരണക്കാരന് സൗജന്യ കണക്ഷൻ പുന:സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) അപേക്ഷ നൽകി എത്ര സമയത്തിനുള്ളിൽ കണക്ഷൻ നൽകണമെന്നാണ് വ്യവസ്ഥ ;

(ഡി) ഈ വ്യവസ്ഥ അനുസരിച്ച് കണക്ഷനുകൾ നൽകാൻ കഴിയുന്നുണ്ടോ ; ഇല്ലെങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>കര്‍ഷക സേവന കേന്ദ്രങ്ങളുടെ പ്രവര്‍ത്തനം</u>

*482 ശ്രീ. സി. മോയിന്‍കുട്ടി
,, കെ. മുഹമ്മദുണ്ണി ഹാജി
,, കെ.എം. ഷാജി
,, പി.കെ. ബഷീര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സഹകരണവകുപ്പിന്റെ കീഴില്‍, കാര്‍ഷിക ഉല്‍പാദനം വര്‍ദ്ധിപ്പിക്കുന്നതിനും കര്‍ഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമായി ആരംഭിച്ച കര്‍ഷകസേവനകേന്ദ്രങ്ങളുടെ പ്രവര്‍ത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) കര്‍ഷകസേവനകേന്ദ്രങ്ങളിലൂടെ എന്തൊക്കെ സേവനങ്ങളാണ് ഇപ്പോള്‍ നല്‍കിവരുന്നത്; ഇത് വിപുലപ്പെടുത്താന്‍ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

പോഷകാഹാരക്കുറവും ആദിവാസി ശിശുക്കളുടെ മരണവും

*483 ശ്രീ. വി. ശശി
'' മുല്ലക്കര രത്നാകരൻ
'' ചിറ്റയം ഗോപകുമാർ
'' ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പോഷകാഹാരക്കുറവ് മൂലം ആദിവാസി ശിശുക്കൾ മരണമടഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഈ കാലയളവിൽ പോഷകാഹാരക്കുറവ് മൂലം ഗർഭിണികളും ഗർഭാവസ്ഥയിൽ തന്നെ ശിശുക്കളും മരണമടഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ആദിവാസി ഗർഭിണികൾക്കും, കുട്ടികൾക്കും യഥാസമയം പോഷകാഹാരം നൽകാൻ കഴിയാതിരുന്നത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>ലോട്ടറി വിൽപ്പനയ്ക്കുള്ള ലൈസൻസ്</u>

*484 ശ്രീ. കെ. വി. വിജയദാസ്
,, ബി. സത്യൻ
,, സി. കെ. സദാശിവൻ
,, റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിരോധിച്ച ലോട്ടറികൾ പുന:സ്ഥാപിച്ചു കിട്ടുന്നതിന് നീക്കം നടക്കുന്നതായി വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പാലക്കാട് നഗരസഭ സാന്റിയാഗോമാർട്ടിന്റെ സ്ഥാപനത്തിന് ലോട്ടറി വിൽപനയ്ക്ക് ലൈസൻസ് നൽകിയിരുന്നതായി അറിയാമോ; എങ്കിൽ അതിനുള്ള കാരണങ്ങളും ഇതിനായി നഗരസഭ നിശ്ചയിച്ച വ്യവസ്ഥകളും ലോട്ടറി വകുപ്പിനെ അറിയിച്ചിരുന്നുവോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ലൈസൻസ് ആരാണ് നൽകിയത്; ലൈസൻസ് റദ്ദാക്കുന്നതിന് നഗരസഭ പിന്നീട് തീരുമാനിച്ചതായി അറിയാമോ;

(ഡി) അന്യസംസ്ഥാന ലോട്ടറികൾ സംസ്ഥാനത്ത് അനുവദിക്കുകയില്ലെന്ന സർക്കാർ നയത്തിന് വിരുദ്ധമായി പ്രവർത്തിച്ച നഗരസഭയ്ക്കെതിരെ എന്ത് നടപടി സ്വീകരിക്കുവാൻ നിർദ്ദേശിച്ചു;

(ഇ) കേന്ദ്ര ലോട്ടറി നിയമമനുസരിച്ച് ഇത്തരം ലോട്ടറികളുടെ വിൽപനയ്ക്ക് ലൈസൻസ് നൽകുന്നതിന് മുമ്പ് ഏജൻസി ആരെന്നും ലോട്ടറി ടിക്കറ്റുകളുടെ സ്കീമുകൾ എന്തെല്ലാമാണെന്നും അധികൃതർ പരിശോധിക്കേണ്ടതുണ്ടോ; വ്യക്തമാക്കുമോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ പ്രസ്തുത പരിശോധനകൾ നടത്തിയിരുന്നോ എന്നും ഇല്ലെങ്കിൽ കാരണമെന്തെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ട്രഷറികളിൽ കോർബാങ്കിംഗ്

*485 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ കമ്പ്യൂട്ടർവൽക്കരണം പൂർത്തിയായോ;

(ബി) ഇനി ഏതൊക്കെ ട്രഷറികളിലാണ് കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കാനുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(സി) കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിച്ച് കോർബാങ്കിംഗ് നടപ്പിലാക്കാൻ ഉദ്ദേശ്യമുണ്ടോ എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനം

*486 ശ്രീ. സി. കൃഷ്ണൻ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീമതി കെ. എസ്. സലീഖ
ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധന ഏറ്റെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(സി) കേരള സ്റ്റേറ്റ് സെന്റർ ഫോർ അഡ്വാൻസ്ഡ് പ്രിന്റിംഗ് ആന്റ് ട്രെയിനിംഗ് (സി- ആപ്റ്റ്) ധനകാര്യ ഇൻസ്പെക്ഷൻ വിംഗ് പരിശോധന നടത്തിയിരുന്നോ; എങ്കിൽ ഏതെങ്കിലും പരാതിയുടെ അടിസ്ഥാനത്തിലായിരുന്നോ പ്രസ്തുത പരിശോധന എന്നും പരാതിയുടെ വിശദാംശങ്ങൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പരിശോധനയിൽ എന്തെല്ലാം കാര്യങ്ങളാണ് വ്യക്തമായതെന്നും റിപ്പോർട്ട് എന്നാണ് നൽകിയതെന്നും വ്യക്തമാക്കുമോ;

(ഇ) പരിശോധനാ റിപ്പോർട്ടുകളിന്മേൽ എന്തെല്ലാം നടപടിയാണ് നാളിതുവരെ സ്വീകരിച്ചത്; നടപടി ഫലപ്രദമായി നടപ്പിലാക്കുന്നതിന് ധനകാര്യവകുപ്പിൽ നിന്നും തുടർനടപടി സ്വീകരിക്കാറുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

ഹാൻവീവിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി

*487 ശ്രീ. പി. കെ. ഗുരുദാസൻ
,, റ്റി. വി. രാജേഷ്
,, വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഹാൻവീവിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണെന്നും അവ കൈവരിക്കുന്നതിന് സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) ഹാൻവീവിന്റെ ഇപ്പോഴത്തെ ബാദ്ധ്യതകളെപ്പറ്റി സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പൊതുമേഖലാ സ്ഥാപനങ്ങളെ മെച്ചപ്പെടുത്താനായി കൊണ്ടുവന്ന പാക്കേജിന്റെ ഭാഗമായി ഹാൻവീവിന് എന്തെല്ലാം സഹായങ്ങൾ നൽകുകയുണ്ടായി; ഇതിന്റെ ഫലമായി ഹാൻവീവിന് പ്രവർത്തന പുരോഗതി കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഹാൻവീവിന്റെ ഇപ്പോഴത്തെ ഷോറൂമുകളും റീജിയണൽ ഓഫീസുകളും നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ;

(ഇ) നിലവിലുള്ള ജീവനക്കാരെ വെട്ടിക്കുറക്കാനും സേവന വേതന വ്യവസ്ഥകളിൽ മാറ്റം വരുത്താനും ഉള്ള എന്തെങ്കിലും തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>ഇലക്ട്രിസിറ്റി ബോര്‍ഡിലെ പര്‍ച്ചേസ് സംവിധാനത്തിലെ പിഴവ്</u>

*488 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീല പ്രകാശം
ശ്രീ. ജോസ് തെറ്റയില്‍
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഇലക്ട്രിസിറ്റി ബോര്‍ഡിന്റെ ദൈനംദിന പ്രവര്‍ത്തനത്തിന് ആവശ്യമായ സാധനസാമഗ്രികള്‍ ബോര്‍ഡ് അധികൃതര്‍ വാങ്ങി നല്കുന്നില്ല എന്ന പരാതി ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) കേടായ മീറ്ററുകള്‍ മാറ്റി വയ്ക്കുന്നതിനും പുതിയ ലൈന്‍ വലിക്കുന്നതിനും കഴിയാത്ത സാഹചര്യമാണ് മിക്ക സെക്ഷന്‍ ആഫീസുകളിലും നിലനില്ക്കുന്നത് എന്ന വസ്തുത ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ദൈനംദിന പ്രവര്‍ത്തനത്തിന് ആവശ്യമായ സാധന സാമഗ്രികള്‍ ലഭ്യമാക്കേണ്ട ഉത്തരവാദിത്തം വൈദ്യുതി ബോര്‍ഡിലെ ഏത് ഉദ്യോഗസ്ഥനിലാണ് നിക്ഷിപ്തമായിരിക്കുന്നത്;

(ഡി) കൃത്യ നിര്‍വ്വഹണത്തില്‍ വീഴ്ച വരുത്തിയ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ നടപടി സ്വീകരിക്കാന്‍ തയ്യാറാകുമോ;

(ഇ) ദൈനംദിന പ്രവര്‍ത്തനത്തിന് ആവശ്യമായ സാധന സാമഗ്രികള്‍ എന്ന് ലഭ്യമാക്കാന്‍ കഴിയുമെന്ന് വെളിപ്പെടുത്താമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>സോളാർ പാനലുകളിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ. എസ്. ഇ. ബി. ലൈനുകളിലേയ്ക്ക് കടത്തിവിടാൻ അനുമതി</u>

*489 ശ്രീ. പാലോട് രവി
'' എ. പി. അബ്ദുള്ളക്കുട്ടി
'' കെ. ശിവദാസൻ നായർ
'' ബെന്നി ബെഹനാൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉപഭോക്താക്കൾ സ്ഥാപിക്കുന്ന സോളാർ പാനലുകളിൽ നിന്ന് ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി. ലൈനുകളിലേയ്ക്ക് കടത്തിവിടാൻ അനുമതി നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് കരട് ചട്ടങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം;

(സി) കൂടുതലായി ഉത്പ്പാദിക്കപ്പെടുന്ന വൈദ്യുതി, ലൈനുകളിലേയ്ക്ക് കടത്തി വിടാനും പിന്നീട് ആവശ്യം വരുമ്പോൾ തിരികെ സ്വീകരിച്ച് ഉപയോഗിക്കാനും എന്തെല്ലാം കാര്യങ്ങളാണ് ചട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഉപഭോക്താക്കൾക്ക് ഇതുമൂലം എന്തെല്ലാം നേട്ടങ്ങളാണ് ലഭിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>കെ.എസ്.എഫ്.ഇ.ക്ക് പ്രത്യേക സംരക്ഷണം</u>

*490 ശ്രീമതി പി. അയിഷാ പോറ്റി
ശ്രീ. എ.കെ. ബാലൻ
,, ബാബു എം. പാലിശ്ശേരി
ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ചിട്ടി ആക്ട് പ്രകാരം കെ.എസ്.എഫ്.ഇ.ക്ക് ലഭിച്ചിരുന്ന പ്രത്യേകസംരക്ഷണം 1982-ലെ കേന്ദ്രചിട്ടിനിയമത്തോടെ ഇല്ലാതായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേന്ദ്രനിയമത്തിന് അനുരോധമായി കേരളസർക്കാർ ചട്ടങ്ങൾ രൂപീകരിക്കുമ്പോൾ കെ.എസ്.എഫ്.ഇ.ക്ക് പ്രത്യേകസംരക്ഷണം ഉറപ്പുവരുത്തണമെന്ന ആവശ്യം പരിഗണിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(സി) സ്വകാര്യ ചിട്ടി സംരംഭകരോടുള്ള വിധേയത്വംമൂലമാണ് കെ.എസ്.എഫ്.ഇ.ക്ക് പ്രത്യേകസംരക്ഷണം നൽകാത്തതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിലുള്ള നിലപാട് വ്യക്തമാക്കുമോ;

(ഡി) കേന്ദ്രനിയമപ്രകാരം ചിട്ടി സെക്യൂരിറ്റിയിനത്തിൽ കെ.എസ്.എഫ്.ഇ. ട്രഷറിയിൽ നിക്ഷേപിക്കുന്ന തുകയ്ക്ക് പലിശ ലഭ്യമാകാത്തതിനാൽ കെ.എസ്.എഫ്.ഇ.ക്ക് വൻതുക നഷ്ടമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇത്തരത്തിലുള്ള നഷ്ടം നികത്തുന്നതിന് സർക്കാർ സഹായം നൽകുന്നതിന് നടപടി സ്വീകരിക്കണമെന്ന ആവശ്യത്തിൻമേലുള്ള നിലപാട് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

പുതുവൈപ്പ് എൽ. എൻ. ജി. ടെർമിനലിന്റെ പ്രതിസന്ധി

*491 ശ്രീ. സാജു പോൾ
,, എം. എ. ബേബി
,, എളമരം കരീം
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്താരാഷ്ട്ര വിപണിയിൽ നിന്നും പ്രകൃതിവാതകം വാങ്ങുന്നതിന് കരാർ ഉണ്ടാക്കിയതിലെ അപാകത പുതുവൈപ്പ് എൽ.എൻ.ജി ടെർമിനലിന്റെ പ്രതിസന്ധിക്ക് പ്രധാന കാരണമായി എന്ന ആക്ഷേപം സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) പുതുവൈപ്പ് എൽ.എൻ.ജി. ടെർമിനലിൽ നിന്നും പ്രകൃതിവാതകം വാങ്ങുന്നതിന് നേരത്തെ തയ്യാറായിരുന്ന അയൽ സംസ്ഥാനങ്ങൾ ഇപ്പോൾ ഇതിന് വിമുഖത കാട്ടുന്നതായ വാർത്തകൾ വിലിയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ;

(സി) പുതുവൈപ്പിൽ നിന്നും എൽ.എൻ.ജി ലഭിക്കുന്നതിനേക്കാൾ കുറഞ്ഞ നിരക്കിൽ ഗുജറാത്ത് പോലുള്ള സംസ്ഥാനങ്ങളിൽ നിന്നും ആയത് ലഭ്യമാകുന്നതാണെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ പുതുവൈപ്പിൽ ഇത്രയും ഉയർന്ന നിരക്ക് വരാനുണ്ടായ കാരണങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ;

(ഡി) കൊച്ചി ടെർമിനൽ സുഗമമായി പ്രവർത്തിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>പട്ടികവര്‍ഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങള്‍</u>

*492 ശ്രീ. കെ. അച്ചുതന്‍
,, ഐ. സി. ബാലകൃഷ്ണന്‍
,, വി. പി. സജീന്ദ്രന്‍
,, ബെന്നി ബെഹനാന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പട്ടിക വര്‍ഗ്ഗ സമുദായങ്ങളുടെ അടിസ്ഥാന വിവരങ്ങള്‍ ശേഖരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവരങ്ങള്‍ ശേഖരിച്ചതിന്റെ ക്രോഡീകൃത റിപ്പോര്‍ട്ട് പ്രകാശനം ചെയ്തിട്ടുണ്ടോ; വിശദാംശങ്ങള്‍ നല്‍കാമോ;

(സി) ഇത് കൊണ്ടുള്ള പ്രയോജനങ്ങള്‍ എന്തെല്ലാം; വിശദമാക്കുമോ;

(ഡി) എന്തെല്ലാം വിവരങ്ങളാണ് റിപ്പോര്‍ട്ടില്‍ ഉള്‍പ്പെടുത്തിയിട്ടുള്ളത്?

## കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

റെയിൽ വഴി നികുതിവെട്ടിച്ച് ചരക്ക് കടത്തുന്നത് തടയുവാനുള്ള നടപടി

*493 ശ്രീ. കെ. രാധാകൃഷ്ണൻ
,, രാജു എബ്രഹാം
ഡോ. കെ. ടി. ജലീൽ
ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അന്യസംസ്ഥാനങ്ങളിൽ നിന്നും തീവണ്ടിയിലൂടെയും അന്തർ സംസ്ഥാന ബസ്സുകളിൽ കൂടിയും ചരക്കുകൾ കടത്തി നികുതിവെട്ടിപ്പ് നടത്തുന്നതായ വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തീവണ്ടികളിൽ കൂടി കടത്തുന്ന ചരക്കുകൾ പ്രധാന സ്റ്റേഷനുകളിൽ ഇറക്കാതെ മറ്റ് സ്റ്റേഷനുകളിൽ ഇറക്കി പരിശോധന കൂടാതെ കൊണ്ടുപോകുന്നത് തടയാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) റെയിൽ വഴി നികുതി വെട്ടിച്ച് ചരക്ക് കടത്തുന്നത് തടയാൻ റെയിൽവേ ഉദ്യോഗസ്ഥർ സഹകരിക്കുന്നില്ലെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ഡി) ഖജനാവിന് വൻനഷ്ടമുണ്ടാക്കുന്ന നികുതി വെട്ടിപ്പ് തടയാൻ പുതുതായി എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

ഇ. ഗവേണൻസ് സംബന്ധിച്ച ദേശീയ കോൺഫറൻസ്

*494 ശ്രീ. എം. എ. വാഹീദ്
'' സണ്ണി ജോസഫ്
'' ലൂഡി ലൂയിസ്
'' അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-ഗവേണൻസിനെ സംബന്ധിച്ച ദേശീയ കോൺഫറൻസ് നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എന്തെല്ലാം വിഷയങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്തിട്ടുളളത്; വിശദാംശം എന്തെല്ലാം;

(സി) സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്ന ഇ-ഗവേണൻസ് പദ്ധതിയിലെ അവസരങ്ങളെക്കുറിച്ചും പുതിയ വെല്ലുവിളികളെ കുറിച്ചും എന്തെല്ലാം കാര്യങ്ങളാണ് കോൺഫറൻസിൽ ചർച്ച ചെയ്യപ്പെട്ടത്;വിശദമാക്കുമോ;

(ഡി) ഇതിന്മേൽ എന്തെല്ലാം തുടർനടപടികളാണ് എടുക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>നിയമങ്ങളുടെ ക്രോഡീകരണവും പരിഷ്കരണവും</u>

*495 ശ്രീ. എം. ഉമ്മർ
,, റ്റി. എ. അഹമ്മദ് കബീർ
,, കെ. എൻ. എ. ഖാദർ
,, എൻ. ഷംസുദ്ദീൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന നിയമങ്ങളുടെ ക്രോഡീകരണവും പഴക്കം ചെന്ന നിയമങ്ങളുടെ പരിഷ്ക്കരണവും സംബന്ധിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി നിയോഗിക്കപ്പെട്ട കമ്മീഷന്റെ പൂർണ്ണമായ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിലെ പ്രധാന ശുപാർശകൾ നടപ്പാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>നന്മ സ്റ്റോറിന്റെ പ്രവർത്തനലക്ഷ്യം</u>

*496 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, മുല്ലക്കര രത്നാകരൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൺസ്യൂമർഫെഡിന്റെ കീഴിൽ നന്മ സ്റ്റോറുകൾ പ്രവർത്തനമാരംഭിച്ചതെന്നാണ്; ആകെ എത്ര നന്മ സ്റ്റോറുകളാണ് പ്രവർത്തിച്ചിരുന്നത്; നിലവിൽ എത്ര യെണ്ണം പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നന്മ സ്റ്റോറിന്റെ പ്രവർത്തനലക്ഷ്യം എന്തായിരുന്നു; ഈ സ്റ്റോറുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ കഴിയുന്നില്ലെന്നുള്ള ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; എങ്കിൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

വൈദ്യുതി വിതരണ മേഖലയിലെ ഫൈനാൻഷ്യൽ റീ- സ്ട്രക്ചറിങ്ങ് പാക്കേജ്

*497 ശ്രീ. സി. കെ. നാണു
,, മാത്യു റ്റി. തോമസ്
,, ജോസ് തെറ്റയിൽ
ശ്രീമതി ജമീലാ പ്രകാശം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വിതരണ മേഖലയിൽ ഫൈനാൻഷ്യൽ റീ-സ്ട്രക്ചറിങ്ങ് എന്ന കേന്ദ്ര സർക്കാർ പാക്കേജ് സംസ്ഥാന സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) വർഷം തോറും കറന്റ് ചാർജ്ജ് വർദ്ധിപ്പിക്കാനും വിതരണമേഖലയിൽ ഫ്രാഞ്ചൈസി-സ്വകാര്യവത്കരണത്തിനും സംസ്ഥാനം തയ്യാറാണ് എന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(ഡി) സാധാരണ ജനങ്ങളെയും കേരളത്തിലെ കൃഷിക്കാരെയും വ്യവസായത്തെയും പ്രസ്തുത തീരുമാനം ഗുരുതരമായി ബാധിക്കുമോ എന്ന് പരിശോധിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആദിവാസി വിഭാഗത്തിനുള്ള കേന്ദ്ര ബഡ്ജറ്റ് വിഹിതം</u>

*498 ശ്രീ. ആര്‍. രാജേഷ്
,, കെ. രാധാകൃഷ്ണന്‍
,, പി. റ്റി. എ. റഹീം
ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**പട്ടികവര്‍ഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ഓരോ സാമ്പത്തിക വര്‍ഷവും കേന്ദ്ര ബഡ്ജറ്റില്‍ ആദിവാസി വിഭാഗത്തിന് ലഭിക്കേണ്ട പദ്ധതി വിഹിതത്തില്‍ ഭീമമായ കുറവ് വരുന്നതായി ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ബി) ആദിവാസികളുടെ ക്ഷേമത്തിനായി ടി.എസ്.പി ഫണ്ട് വകയിരുത്തുമ്പോള്‍ പാലിക്കേണ്ട മാനദണ്ഡങ്ങള്‍ പാലിക്കുന്നില്ല എന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ;

(സി) ട്രൈബല്‍ ഡിപ്പാര്‍ട്ട്മെന്റിന്റെ പ്രവര്‍ത്തനം കാര്യക്ഷമമാകാത്തതിനാല്‍ ആദിവാസി ക്ഷേമപ്രവര്‍ത്തനം അവതാളത്തിലാകുന്നതായ സന്ദര്‍ഭങ്ങള്‍ ശ്രദ്ധയില്‍പെട്ടിട്ടുണ്ടോ;

(ഡി) ഇക്കാര്യത്തില്‍ എന്ത് നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ ജലവൈദ്യുത പദ്ധതികളുടെ പൂർത്തീകരണം</u>

*499 ശ്രീ. കെ. കെ. ജയചന്ദ്രൻ
,, സാജു പോൾ
,, എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പള്ളിവാസൽ എക്സ്റ്റൻഷൻ, തോട്ടിയാർ തുടങ്ങിയ ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൽ സ്തംഭനത്തിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(സി) ഇന്നത്തെ നിലയ്ക്ക് ഈ പദ്ധതികൾ എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) പദ്ധതി പ്രവർത്തനത്തിൽ കാലതാമസമുണ്ടാകുന്നത് പദ്ധതിയുടെ നിർമ്മാണച്ചെലവിൽ എന്തെങ്കിലും മാറ്റമുണ്ടാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആദിവാസി മേഖലകളുടെ അടിസ്ഥാന സൗകര്യ വികസനം</u>

*500 ശ്രീ. പി. റ്റി. എ. റഹീം
,, എം. ചന്ദ്രൻ
,, കെ. വി. വിജയദാസ്
,, വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി മേഖലകളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് പുതുതായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയെന്ന് വ്യക്തമാക്കുമോ;

(ബി) ആദിവാസികൾ നേരിടുന്ന പ്രധാന അടിസ്ഥാന പ്രശ്നങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ബജറ്റിൽ വകയിരുത്തിയ തുക ഇതിലേയ്ക്ക് മാത്രമായി ചെലവഴിക്കപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ;

(ഡി) ആദിവാസികളുടെ, ആരോഗ്യ വിദ്യാഭ്യാസ മേഖലകളിലുള്ള പിന്നോക്കാവസ്ഥ പരിഹരിക്കാൻ എന്ത് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വായ്പാ തിരിച്ചടവിലെ കുറവ്</u>

*501 ശ്രീ. എം. പി. വിൻസെന്റ്
,, പാലോട് രവി
,, പി. എ. മാധവൻ
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളും സഹകരണ ബാങ്കുകളും നൽകി വരുന്ന വായ്പകളിലെ കൃത്യമായ തിരിച്ചടവ് കുറഞ്ഞുവരുകയാണെന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) കൃത്യമായ വായ്പാ തിരിച്ചടവ് കുറഞ്ഞുവരുന്നതിനുള്ള പ്രധാന കാരണങ്ങൾ എന്തെല്ലാമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ ;

(സി) ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>കെ.എസ്.ഇ.ബി.യിലെ റിമോട്ട് സെന്ററുകള്‍</u>

*502 ശ്രീ. കോലിയക്കോട് എന്‍. കൃഷ്ണന്‍ നായര്‍
,, എം. ഹംസ
,, കെ. കുഞ്ഞമ്മത് മാസ്റ്റര്‍
,, സി. കെ. സദാശിവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ഊര്‍ജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി വിതരണം കാര്യക്ഷമമാക്കുന്നതിന്റെ ഭാഗമായി നടപ്പാക്കിയ മോഡല്‍ സെക്ഷനുകളില്‍ പത്ത് കിലോമീറ്ററിന് പുറത്തുള്ള റിമോട്ട് സെന്ററുകള്‍ അനുവദിക്കുന്നതിനുള്ള നിര്‍ദ്ദേശം നിലവിലുണ്ടോ;

(ബി) ഇത്തരത്തില്‍ എത്ര റിമോട്ട് സെന്ററുകള്‍ അനുവദിച്ചിട്ടുണ്ട്;

(സി) ഇങ്ങനെ അനുവദിച്ച റിമോട്ട് സെന്ററുകളില്‍ ആവശ്യത്തിന് ജീവനക്കാരെ നിയമിച്ചിട്ടില്ല എന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി</u>

*503 ശ്രീ. ബി. ഡി. ദേവസ്സി
,, ഇ. പി. ജയരാജൻ
,, കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസികളുടെ അന്യാധീനപ്പെട്ട ഭൂമി, നിയമമനുസരിച്ച് തിരിച്ചുപിടിച്ചു നൽകുന്നതിന് ഈ സർക്കാരിന്റെ കാലത്ത് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആദിവാസികൾ അവകാശം സ്ഥാപിച്ച ഭൂമിയല്ലാതെ ഈ സർക്കാരിന്റെ കാലത്ത് അവർക്ക് ഭൂമിക്കുള്ള രേഖ നൽകിയിട്ടുണ്ടോ;

(സി) ഭൂരഹിതരായ ആദിവാസികൾക്ക് നൽകുന്നതിനായി ഭൂമി കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>വിന്റ് എനർജിയുടെ സാദ്ധ്യതകൾ</u>

*504 ശ്രീ. എൻ. എ. നെല്ലിക്കുന്ന്
'' അബ്ദുറഹിമാൻ രണ്ടത്താണി
'' പി. ബി. അബ്ദുൾ റസാക്
'' വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരക്കടലിൽ കാറ്റാടിയന്ത്രങ്ങൾ സ്ഥാപിച്ച് തീരപ്രദേശത്തെ കാറ്റിൽ നിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്ന പദ്ധതിക്കായുള്ള ദേശീയ നയരേഖ തയ്യാറായിക്കഴിഞ്ഞിട്ടുള്ളതായി അറിയാമോ; എങ്കിൽ അതു സംബന്ധിച്ച വിവരമെന്തെങ്കിലും ലഭ്യമായിട്ടുണ്ടോ;

(ബി) വിന്റ് എനർജിയുടെ കാര്യത്തിൽ സംസ്ഥാനത്തിന്റെ സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്താൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ:

(സി) ദീർഘദൂര തീരമുള്ള സംസ്ഥാനമെന്ന നിലയിൽ ഇക്കാര്യത്തിൽ കൂടുതൽ ശ്രദ്ധ ചെലുത്തുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ</u>

*505

ശ്രീ. കെ. കെ. നാരായണൻ
,, ജി. സുധാകരൻ
,, ബാബു എം. പാലിശ്ശേരി
,, പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**സഹകരണവും ഖാദിഗ്രാമവ്യവസായവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകളും അഴിമതികളും അന്വേഷിക്കാൻ നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്താനുദ്ദേശിക്കുന്നുണ്ടോ; വെളിപ്പെടുത്താമോ;

(ബി) നിലവിലുള്ള നിയമാനുസൃതമായ സംവിധാനം ഫലപ്രദമായി പ്രവർത്തിപ്പിക്കുന്നുണ്ടോ; സഹകരണ വിജിലൻസ് ഡി.ഐ.ജി. തസ്തിക ഉൾപ്പെടെയുള്ള തസ്തികകൾ ഒഴിഞ്ഞുകിടക്കുന്നുണ്ടോ വിശദമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

വ്യവസായങ്ങൾക്ക് ആവശ്യമായ കരിമണൽ
പൊതുമേഖലയിൽ നിന്നും ഖനനം നടത്താൻ നടപടി

*506

ശ്രീ. കെ. സുരേഷ് കുറുപ്പ്
,, എം. എ. ബേബി
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആവശ്യത്തിന് കരിമണൽ ലഭ്യമാകാത്തതു കാരണം സംസ്ഥാനത്തെ പല പൊതുമേഖലാ സ്ഥാപനങ്ങളും പ്രതിസന്ധി നേരിടുന്നതായ വാർത്തകൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) പൊതുമേഖലയിൽ കരിമണൽ ഖനനം നടത്തുന്ന കാര്യത്തിൽ സർക്കാർ നിലപാട് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് സുലഭമായ കരിമണൽ അന്യസംസ്ഥാന മാഫിയകൾ കൊള്ളചെയ്തു കൊണ്ടുപോകുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തെ വ്യവസായങ്ങൾക്ക് ആവശ്യമായ കരിമണൽ പൊതുമേഖലയിൽ ഖനനം നടത്തി ലഭ്യമാക്കണമെന്ന് ട്രേഡ് യൂണിയനുകൾ അടക്കം ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ഇ) കരിമണൽ ലഭ്യമാകാതെ സംസ്ഥാനത്തെ വ്യവസായം തകർന്നു കിട്ടാൻ ചില ഗൂഢശക്തികൾ ശ്രമിക്കുന്നതായ ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(എഫ്) എങ്കിൽ ഇക്കാര്യത്തിൽ സർക്കാർ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>തീവണ്ടികളിലെ യാത്രാസുരക്ഷ</u>

*T.507 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)
,, കോടിയേരി ബാലകൃഷ്ണൻ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീവണ്ടികളിലെ യാത്രക്കാരുടെ സുരക്ഷയ്ക്കായി റെയിൽവേ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) കേരളത്തിലെ തീവണ്ടികളിൽ യാത്രക്കാരുടെ സംരക്ഷണത്തിനായി റെയിൽവേ പോലീസിൽ എത്ര പേരാണുള്ളത്; ഇത് വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

**കേരള നിയമസഭ**
**07.02.2014-ലെ മറുപടിക്ക്**

<u>ഭവനവായ്പ എഴുതിത്തള്ളാൻ നടപടി</u>

*508 ശ്രീ. റോഷി അഗസ്റ്റിൻ
,, എം. വി. ശ്രേയാംസ്കുമാർ
,, പി. സി. ജോർജ്
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നിർദ്ധനരായ ഭവന രഹിതർക്കു പാർപ്പിടം നൽകുന്നതിന് കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(ബി) നിർദ്ധനരായ ഭവന രഹിതരെ സംബന്ധിക്കുന്ന വിവരങ്ങൾ ലഭ്യമാണോ; എങ്കിൽ 2014-2015 സാമ്പത്തിക വർഷം ഭവന രഹിതർക്കായി എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുളളത്;

(സി) ഭവന നിർമ്മാണ ബോർഡിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശിക വരുത്തിയ നിർദ്ധനരും 5 സെന്റിൽ താഴെ ഭൂമിയുളളവരും ഏതെങ്കിലും തരത്തിലുളള രോഗങ്ങൾക്കു അടിമപ്പെട്ടവരുമായ ആളുകളുടേയും വായ്പ എഴുതിത്തളളാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 07.02.2014-ലെ മറുപടിക്ക്

<u>ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നവീന ആശയങ്ങൾ</u>

*509 ശ്രീ. കെ. ശിവദാസൻ നായർ
,, കെ. മുരളീധരൻ
,, സണ്ണി ജോസഫ്
,, എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ഊർജ്ജ വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള നവീന ആശയങ്ങൾ രൂപപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ബി) ഇത് സംബന്ധിച്ച് ഏതെല്ലാം ഏജൻസിയുമായാണ് ധാരണാ പത്രം ഒപ്പിട്ടിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ധാരണാ പത്രം അനുസരിച്ച് ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തെല്ലാം കാര്യങ്ങളിലാണ് തീരുമാനമുണ്ടായിരിക്കുന്നത്; വിശദമാക്കുമോ;

(ഡി) ഊർജ്ജ സംരക്ഷണത്തിനുള്ള എന്തെല്ലാം പദ്ധതികളാണ് ധാരണപത്രം വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
# 07.02.2014-ലെ മറുപടിക്ക്

<u>വാണിജ്യനികുതി പരിശോധനാകേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷീനുകൾ സ്ഥാപിക്കാൻ നടപടി</u>

*510 ശ്രീ. ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വി.റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാണിജ്യനികുതി പരിശോധനാ കേന്ദ്രങ്ങളിൽ സ്കാനിംഗ് മെഷീനുകൾ സ്ഥാപിക്കുന്നകാര്യം പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) ആയതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ചരക്കുകളുടെ പരിശോധന കാര്യക്ഷമമമാക്കുന്നതിനും നികുതിവെട്ടിപ്പ് തടയുന്നതിനും പ്രസ്തുത നടപടി എത്രമാത്രം സഹായകരമാകും എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2014 ജനുവരി 29.

<u>പ്രത്യേക ശ്രദ്ധയ്ക്ക്</u>: നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവസഭയിൽ ഉന്നയിക്കുന്നതിന്റെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ്.

[ചട്ടം 47(1)].

'T' ഇന്നത്തേയ്ക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.